**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1750** **15-03-2022 - ൽ മറുപടിയ്ക്ക്**

**അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം മുഖേന നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വിദ്യാർത്ഥികളിലും, ഉദ്യോഗാർത്ഥികളിലും തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുക വഴി പുതിയ തലമുറയുടെ തൊഴിൽക്ഷമത ഉറപ്പാക്കി, അത് വഴി തൊഴിലില്ലായ്മ എന്ന സാമൂഹികപ്രശ്നം ഫലപ്രദമായി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ, ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (അസാപ് കേരള). സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും, ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും പ്രവർത്തിക്കുന്ന 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, 99 എഞ്ചിനീയറിംഗ് കോളേജുകളിലും, 45 പോളിടെക്നിക് കോളേജുകളിലുമായി പ്രവർത്തിക്കുന്ന അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്നിവിടങ്ങളിലൂടെ ആണ് കേരളത്തിലെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ അസാപ് ഏകോപിപ്പിക്കുന്നത്. നാളിതുവരെയും രണ്ടര ലക്ഷത്തോളം വിദ്യാർത്ഥികൾ അസാപിലൂടെ വിവിധ മേഖലകളിൽ പരിശീലനം നേടിയിട്ടുണ്ട്. നൈപുണ്യപരിശീലനം സംസ്ഥാനത്തെ അഭ്യസ്തവിദ്യരുടെ തൊഴിൽ ശേഷി വർധിപ്പിക്കുന്നതിനായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള മുഖാന്തരം അനവധി നൂതന കോഴ്സുകൾ ലഭ്യമാക്കുന്നു. ഈ കോഴ്സുകൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാണ്. ബിസിനസ്സ് അനലിറ്റിക്സ്, ആമസോൺ വെബ് സർവീസ് അക്കാഡമി ക്ലൗഡ് ഫൗണ്ടേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, ഡ്രോൺ ടെക്നോളജി മുതലായ നൂതന കോഴ്സുകൾ ഇത്തരത്തിൽ ലഭ്യമാണ്. പ്രമുഖ ഇൻഡസ്ട്രികളുടെ |

പങ്കാളിത്തത്തോടു കൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾ പഠിതാക്കളെ ഇൻഡസ്ട്രി നിലവാരത്തിലേക്ക് ഉയർത്തി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ സഹായിക്കുന്നവയാണ്. കോഴ്സുകളുടെ പേര് അനുബന്ധമായി ചേർക്കുന്നു. ഗ്രാമീണയുവതികൾക്ക് സബ്സിഡിയോടെ നൈപുണ്യ പരിശീലനം ഗ്രാഫിക് ഡിസൈനർ കോഴ്സ് വിദ്യാർത്ഥികളെ ഉയർന്ന വിഷ്വൽ ഇംപാക്ട് ഉള്ള പരസ്യങ്ങൾ, ബ്രോഷറുകൾ, മാഗസിനുകൾ, കോർപ്പറേറ്റ് റിപ്പോർട്ടുകൾ തുടങ്ങിയ ലേഔട്ടുകളും ആപ്ലിക്കേഷനുകളും വികസിപ്പിക്കാൻ പ്രാപ്തരാക്കുന്നു. നബാർഡിന്റെ (NABARD) സഹായത്തോടെ ഗ്രാഫിക് ഡിസൈനർ കോഴ്സിൽ പരിശീലനം നേടുന്ന 116 ഗ്രാമീണയുവതികൾക്ക് ഫീ സബ്സിഡി നൽകുന്നുണ്ട്. ഇതിൽ 58 പേരുടെ പരിശീലനം നടന്നു വരികയാണ്. 216 മണിക്കൂർ ദൈർഘ്യം ഉള്ള ഈ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥിനികൾക്ക് ഫീ ആയ 16000 രൂപയിൽ 12000 രൂപ നബാർഡ് വഴി സബ്സിഡി ആയി നൽകുന്നതിനൊപ്പം, പ്ലേസ്മെന്റും ഉറപ്പു നൽകുന്നുണ്ട്. അസാപ് സെൽ പ്രമുഖ വ്യവസായ മേഖലകളിൽ ലഭ്യമായിട്ടുള്ള തൊഴിലുകൾ സംബന്ധിച്ചും അത്തരത്തിലുള്ള തൊഴിലുകൾക്കു വേണ്ട നൈപുണ്യത്തെയും വൈദഗ്ദ്ധ്യത്തെയും സംബന്ധിച്ചും വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും, വ്യവസായ മേഖലകളിൽ നിന്നുള്ള പ്രഗത്ഭരുമായി സംവദിക്കുന്നതിനും അവസരമൊരുക്കുന്നതിനായി അസാപ് സെല്ലുകൾ ആരംഭിച്ചു. കേരളത്തിലെ 468 വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നുള്ള 10822 വിദ്യാർഥികൾ നിലവിൽ അസാപ് സെല്ലിന്റെ ഭാഗമാണ്. അസാപ് പ്ലേസ്മെന്റ് പോർട്ടൽ വിദ്യാസമ്പന്നരായ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് പരിഹരിക്കുക, തൊഴിൽ അന്വേഷകർക്ക് അവരുടെ യോഗ്യതയ്ക്കും വൈദഗ്ദ്ധ്യത്തിനും അനുസരിച്ചുള്ള തൊഴിൽ കണ്ടെത്താൻ സഹായിക്കുക, തൊഴിൽ ദാതാക്കൾക്ക് തങ്ങൾക്കനുയോജ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്താൻ സഹായിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ 2021 മേയിൽ അസാപ് ആരംഭിച്ച പ്ലേസ്മെൻ്റ് പോർട്ടൽ തൊഴിൽദാതാക്കൾക്കും തൊഴിൽ അന്വേഷകർക്കും ഒരുപോലെ പ്രയോജനപ്പെട്ടിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ ക്യാംപസ് റിക്രൂട്ട്മെന്റ് വഴി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കാനുള്ള സാധ്യതകൾ അടഞ്ഞ സാഹചര്യത്തിൽ തൊഴിൽ

ദാതാക്കൾക്ക് ഒരു വെർച്ചൽ റിക്രൂട്ട്മെന്റിനുള്ള ഉപാധിയായി മാറാനും, ഉദ്യോഗാർത്ഥികൾക്ക് ഫോർച്യൂൺ 500 കാറ്റഗറിയിൽ പെടുന്ന മൾട്ടി നാഷണൽ കമ്പനികളിൽ ജോലിയിൽ പ്രവേശിക്കാനും അവസരമൊരുക്കാൻ ഈ സംവിധാനത്തിന് സാധിച്ചു. പോർട്ടലിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് അവരുടെ മികവിന്റെയും സാധ്യതയുടെയും അടിസ്ഥാനത്തിൽ തരം തിരിച്ച് ഓൺലൈൻ പരിശീലനം നൽകി റിക്രൂട്ട്മെന്റിന് സജ്ജമാക്കുന്നു. ഈ സർക്കാർ നിലവിൽ വന്നതു വരെ അസാപ് പ്ലേസ്മെൻറ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത 377 ഉദ്യോഗാർത്ഥികളിൽ 47 പേർക്ക് തൊഴിൽ ലഭിച്ചിരുന്നു. ഈ സർക്കാരിന്റെ കാലയളവിൽ 16101 പേർ രജിസ്റ്റർ ചെയ്യുകയും, ഇതിൽ 7930 പേർ പ്ലേസ്മെന്റ് അവസരങ്ങൾക്ക് അർഹരാകും വിധം പ്രൊഫൈൽ അപ്ഡേഷൻ പൂർത്തിയാക്കിയിട്ടുമുണ്ട്. ഇവരിൽ 140 പേർക്ക് തൊഴിൽ ലഭിച്ചു. മറ്റുള്ളവരെ തൊഴിൽ സജ്ജരാക്കുന്നതിനുള്ള പരിശീലനം നൽകി വരുന്നു. ഇന്റേൺഷിപ് അസാപിന്റെ സ്റ്റേറ്റ് ഇന്റേണ്ഷിപ്പ് പോർട്ടൽ (State Internship Portal) വഴി, ബിരുദവിദ്യാർത്ഥികൾക്കും, ബിരുദധാരികൾക്കും വിവിധ സർക്കാർ - സ്വകാര്യ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ് പരിശീലനത്തിനുള്ള അവസരം ലഭ്യമാക്കുന്നുണ്ട്. ബിരുദധാരികൾക്ക് ഒരു വർഷത്തെ 'ഗ്രാജുവേഷൻ പ്രൊബേഷൻ പ്രോഗ്രാം' ആയും, ബിരുദവിദ്യാർത്ഥികൾക്ക് സെമസ്റ്റർ ബ്രേക്ക് കാലയളവിൽ ഷോർട്ട് ടേം പ്രോഗ്രാം ആയുമാണ് ഇന്റേൺഷിപ് നൽകുന്നത്. വിദ്യാർത്ഥികൾക്ക് വ്യാവസായിക അന്തരീക്ഷം പരിചയപ്പെടുത്തിക്കൊടുക്കുക, പരിശീലനം നൽകുക, തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുക എന്നിവയാണ് ഇതിലൂടെ പ്രധാനമായി ലക്ഷ്യമിടുന്നത്. വ്യവസായ, സേവന മേഖലയ്ക്ക് ആവശ്യമായ നൈപുണ്യം ചെറുപ്പക്കാരിൽ സൃഷ്ടിച്ചെടുക്കാൻ ഈ പദ്ധതി സഹായകരമാണ്. ഇതുവഴി മികച്ച തൊഴിലവസരവും ഉറപ്പാക്കുന്നു. ഈ സർക്കാർ നിലവിൽ വന്നതു വരെ അസാപ് വഴി 469 പേരായിരുന്നു വിവിധ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ് പൂർത്തിയാക്കിയത്. ഈ സർക്കാരിന്റെ കാലയളവിൽ 30 പേർ കൂടി വിവിധ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പിന് ചേർന്നിട്ടുണ്ട്. കമ്മ്യൂണിറ്റി സ്കിൽ പാർക്ക് മാറുന്ന തൊഴിൽ സാഹചര്യത്തിൽ മെച്ചപ്പെട്ട തൊഴിൽ നേടുന്നതിന് പൊതുസമൂഹത്തിനെ സജ്ജമാക്കാനായി ഉന്നത

വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ കേരള സർക്കാർ നടത്തിയ ഫലപ്രദമായ ഇടപെടലാണ് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. 25000-ൽ അധികം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങളോടെയാണ് സ്കിൽ പാർക്കുകൾ നിർമ്മിക്കുന്നത്. ഇത്തരത്തിൽ വിഭാവനം ചെയ്ത 16 സ്കിൽ പാർക്കുകളിൽ 9 എണ്ണം നിർമാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്ന 7 സ്കിൽ പാർക്കുകളുടെ നിർമാണപ്രവർത്തനം നടന്നു വരുന്നു. നഴ്സസസ് ട്രെയിനിങ് സംസ്ഥാനത്തെ നഴ്സുമാരുടെ തൊഴിൽ ക്ഷമത വർധിപ്പിക്കുന്നതിനായി അസാപ് പരിശീലനം നൽകി വരുന്നു. ഭാഷാ പരിശീലനം, ക്ലിനിക്കൽ പരിശീലനം, യു.കെ യിൽ പ്ലേസ്മെന്റ് എന്നിങ്ങനെ മൂന്നു ഭാഗങ്ങൾ ഉൾപ്പെടുന്നതാണ് പരിശീലനം. ഭാഷാ പരിശീലനത്തിനായി ബ്രിട്ടീഷ് കൗൺസിലുമായും, ക്ലിനിക്കൽ പരിശീലനത്തിനായി ആസ്റ്റർ ഡി.എം ഹെൽത്ത് കെയറുമായും അസാപ് ധാരണയിലെത്തിയിട്ടുണ്ട്. പരിശീലന പരിപാടിയുടെ ആദ്യ ഘട്ടം ഭാഷാ പരിശീലനമാണ്. ബ്രിട്ടീഷ് കൗൺസിലുമായി ചേർന്ന് IELTS പരീക്ഷയിൽ വിജയിക്കാൻ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകും. IELTS വിജയകരമായി പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് യുകെയിൽ പ്ലേസ്മെന്റ് അവസരങ്ങൾ നൽകുകയും, ക്ലിനിക്കൽ പരിശീലനം നൽകുകയും ചെയ്യും. ഈ സർക്കാരിന്റെ കാലയളവിൽ 8 ബാച്ചുകളിലായി 106 നഴ്സുമാർക്ക് പരിശീലനം നൽകി. എൻ.എസ്.ക്യു.എഫ് നിലവാരത്തിൽ അസാപ് വികസിപ്പിച്ച കോഴ്സുകൾ ഈ സർക്കാരിന്റെ കാലയളവിൽ അസാപ് വികസിപ്പിച്ചെടുത്ത നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്ക് (NSQF) നിലവാരത്തിലുള്ള കോഴ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ കോഴ്സുകൾ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എജ്യുക്കേഷൻ ആൻഡ് ട്രെയിനിംഗ് (NCVET) ന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. 1. Advanced Communicative English Trainer (NSQF Level 7) Course Duration: 500 hours. 2. Business Analytics (NSQF Level 6) Course Duration: 975 hours 3. Digital Marketing using AR/VR (NSQF Level 6) Course Duration: 286 hours ഇൻഡസ്ട്രി ഓൺ ക്യാംപസ് (IoC)

| | | | |
|---|---|---|---|
| | | | പരമ്പരാഗത അധ്യയനത്തിനൊപ്പം പ്രായോഗിക പരിശീലനത്തെ പ്രോത്സാഹിപ്പിക്കുകയും, വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനുമായി അസാപ്, കേരളത്തിലെ പോളിടെക്നിക് കോളേജുകളിൽ ഏകദേശം ഏഴ് കോടിയോളം രൂപയുടെ ഫാബ് ലാബ്, റോബോട്ടിക് കിറ്റ് തുടങ്ങിയ നൂതന സാങ്കേതിക ഉപകരണങ്ങൾ നൽകുകയുണ്ടായി. ഈ ഉപകരണങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി, തെരഞ്ഞെടുക്കപ്പെട്ട പോളിടെക്നിക് കോളേജ് അധ്യാപകർക്ക് പത്തു ദിവസം നീളുന്ന പരിശീലനം അസാപ് നൽകി. 41 പോളിടെക്നിക് കോളേജുകളിലായി ഈ വർഷം 'ഇൻഡസ്ട്രി ഓൺ ക്യാംപസ്' എന്ന പദ്ധതി നടപ്പിലാക്കുന്നതാണ്. പോളിടെക്നിക്കുകളിൽ സ്ഥാപിക്കുന്ന വ്യാവസായിക മാതൃകയിലൂടെ വിദ്യാർത്ഥികൾക്ക് അവർ അഭ്യസിച്ച കോഴ്സുകളുടെ പ്രായോഗിക കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള അവസരം ലഭിക്കും. 'പഠനത്തോടൊപ്പം വരുമാനവും' (Earn while you Learn) എന്ന ആശയം പ്രോത്സാഹിപ്പിക്കുവാനും ഇൻഡസ്ട്രി ഓൺ ക്യാംപസിലൂടെ സാധിക്കും. ഈ പദ്ധതി വഴി വിവിധ വ്യവസായമേഖലകളുമായി സഹകരിച്ച് പോളിടെക്നിക്കുകളെ വ്യവസായ യൂണിറ്റുകളാക്കി മാറ്റുവാനും സാധിക്കും. |
| (ബി) | പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കുന്നതിൽ കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | നിലവിൽ കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നില്ല. |
| (സി) | പ്രസ്തുത പ്രോഗ്രാമിലൂടെ യുവജനങ്ങൾക്ക് ഏതെല്ലാം മേഖലകളിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ? | (സി) | നിലവിൽ 14 സ്കിൽ ക്ലസ്റ്ററുകളിലായി 103 കോഴ്സുകളിൽ അസാപ് മുഖാന്തരം പരിശീലനം നൽകി വരുന്നു. ഈ കോഴ്സുകൾ പഠിതാക്കളെ ഇൻഡസ്ട്രിയൽ നിലവാരത്തിലേക്ക് ഉയർത്തുന്നതിനൊപ്പം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രാപ്തരാക്കുന്നു. ഇലക്ട്രോണിക്സ് ക്ലസ്റ്ററിൽ നിന്നുള്ള ഡ്രോൺ ടെക്നോളജി കോഴ്സ്, ഹാൻഡ്സെറ്റ് റിപ്പയർ കോഴ്സ്, സോളാർ പി.വി. സിസ്റ്റം ഡിസൈൻ ആന്റ് ഇൻസ്റ്റലേഷൻ കോഴ്സ്, എൽ.ഇ.ഡി. ലൈറ്റ് പ്രോഡക്ട് ഡിസൈൻ, അസംബ്ലി ആന്റ് റിപ്പയറിംഗ്, മീഡിയ ആന്റ് എന്റർടെയ്ൻമെന്റ് ക്ലസ്റ്ററിൽ നിന്നുള്ള ഗ്രാഫിക് ഡിസൈനർ കോഴ്സ്, പവർ ആന്റ് എനർജി മാനേജ്മെന്റ് ക്ലസ്റ്ററിൽ നിന്നുള്ള സോളാർ പി.വി. റൂഫ് ടോപ്പ് കോഴ്സ്, തുടങ്ങിയവ പഠിതാക്കളെ സ്വയംതൊഴിൽ കണ്ടെത്തുന്നതിനും അതുവഴി സംരംഭങ്ങൾ തുടങ്ങുന്നതിനും പ്രാപ്തരാക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| # | COURSE NAME | SECTOR |
|---|---|---|
| 1 | Essential Design course using Autodesk Fusion 360 | Automotive |
| 2 | Mechanical Design Program - Basic | Automotive |
| 3 | Banking and Finance Internship Training Program | BFSI |
| 4 | Certificate course in AML/KYC | BFSI |
| 5 | Certificate course in Digital Banking | BFSI |
| 6 | Certificate course in Prevention of Cyber Crimes and Fraud Management | BFSI |
| 7 | Certificate Examination in International Trade Finance | BFSI |
| 8 | Certificate Examination in IT Security | BFSI |
| 9 | Certificate in Accounting Technician | BFSI |
| 10 | Certified BFSI Professional | BFSI |
| 11 | Diploma in Advanced Wealth Management | BFSI |
| 12 | Diploma in Banking and Finance | BFSI |
| 13 | Diploma in International Banking and Finance | BFSI |
| 14 | Diploma in Treasury, Investment and Risk Management | BFSI |
| 15 | Diploma in Urban Cooperative Banking | BFSI |
| 16 | GCC VAT using Tally | BFSI |
| 17 | GST Using Tally | BFSI |
| 18 | Tally Essential Comprehensive | BFSI |
| 19 | Autodesk BIM for Architecture Design Development for Students | Civil & Design |
| 20 | Certificate Course in Interior Design | Civil & Design |
| 21 | Construction Site Supervisor | Civil & Design |
| 22 | Drone Pilot Training | Electronics |
| 23 | Handset Repair Engineer | Electronics |

| | | |
|---|---|---|
| 24 | Advanced Post Graduate Diploma in Clinical Research & Clinical Data Management | Health Care |
| 25 | Advanced Post Graduate Diploma in Clinical Research & Pharmacovigilance | Health Care |
| 26 | Advanced Post Graduate Diploma in Pharmaceutical Business Analytics | Healthcare |
| 27 | Certificate Program in Medical Coding & Medical Billing | Health Care |
| 28 | General Duty Assistant | Health Care |
| 29 | AiU Certified Tester in AI | IT & ITES |
| 30 | Amazon Web Services - AWS Academy Cloud Computing | IT & ITES |
| 31 | Artificial Intelligence and Machine learning | IT & ITES |
| 32 | Business Analytics | IT & ITES |
| 33 | Certified Cloud Tester | IT & ITES |
| 34 | Coding Skills | IT & ITES |
| 35 | Complete Python Course | IT & ITES |
| 36 | Cyber Security-Security Operations Centre-Analyst | IT & ITES |
| 37 | Full Stack .NET with Mean Stack | IT & ITES |
| 38 | Full Stack Java with MEAN Stack | IT & ITES |
| 39 | Google Associate Cloud Engineer- Global certification | IT & ITES |
| 40 | Google Cloud Computing Foundations | IT & ITES |
| 41 | ISTQB CTFL-Certified Tester Foundation Level - Accredited Course | IT & ITES |
| 42 | Linux System Administration I | IT & ITES |
| 43 | Linux System Administration II | IT & ITES |
| 44 | Linux system Administration III-Linux Automation with Ansible | IT & ITES |
| 45 | Python For Data Management | IT & ITES |
| 46 | SeU Certified Selenium Engineer | IT & ITES |
| 47 | Certificate Course in Introduction to Legal Drafting: Contracts, Petitions, Opinions & Articles | Legal |
| 48 | Diploma Course in Paralegal Associate | Legal |

| | | |
|---|---|---|
| 49 | Diploma in Advanced Contract Drafting, Negotiation and Dispute Resolution | Legal |
| 50 | Diploma in Cyber Law, FinTech Regulations and Technology Contracts | Legal |
| 51 | Diploma in Labour, Employment and Industrial Laws (including POSH) for HR Managers | Legal |
| 52 | Diploma in M&A, Institutional Finance and Investment Laws (PE and VC transactions) | Legal |
| 53 | Arabic Foundation | Linguistics & Life Skills |
| 54 | Arabic Professional | Linguistics & Life Skills |
| 55 | Basic Proficiency Course in English | Linguistics & Life Skills |
| 56 | French A1 Level | Linguistics & Life Skills |
| 57 | French A2 Level | Linguistics & Life Skills |
| 58 | German A1 Level | Linguistics & Life Skills |
| 59 | German A2 Level | Linguistics & Life Skills |
| 60 | IELTS | Linguistics & Life Skills |
| 61 | Japanese N4 Level | Linguistics & Life Skills |
| 62 | Japanese N5 Level | Linguistics & Life Skills |
| 63 | OET | Linguistics & Life Skills |
| 64 | Open Sesame- A short-term course in Communicative English for beginners | Linguistics & Life Skills |
| 65 | Spanish A1 Level | Linguistics & Life Skills |
| 66 | Certificate in Logistics and Supply Chain Management | Logistics |
| 67 | Diploma in Logistics Industry Practices | Logistics |
| 68 | Post graduate Program in Logistics and Supply Chain Management | Logistics |
| 69 | Post graduate Program in Shipping and Logistics Management | Logistics |
| 70 | Certificate in Advertising Design | Media and Entertainment |
| 71 | Certificate in Web and Ui Design | Media and Entertainment |

| | | |
|---|---|---|
| 72 | Digiperform Certified Online Marketing Practitioner(dCOMP) | Media and Entertainment |
| 73 | Graphic Designer | Media and Entertainment |
| 74 | Introduction to Art Appreciation Course | Media and Entertainment |
| 75 | Unity Certified Associate: Artist | Media and Entertainment |
| 76 | Unity Certified Associate: Game Developer | Media and Entertainment |
| 77 | Unity Certified Associate: Programmer | Media and Entertainment |
| 78 | Unity Certified User Artist | Media and Entertainment |
| 79 | Unity Certified User Programmer | Media and Entertainment |
| 80 | Unity Certified User VR Developer | Media and Entertainment |
| 81 | Placement Grooming Module | Placement & Internship Division |
| 82 | Advance O&M techniques in Hydro Power Plants | Power and Energy Management |
| 83 | Electricity Act and Regulation | Power and Energy Management |
| 84 | Emerging Technologies in Reducing AT&C Losses | Power and Energy Management |
| 85 | Energy Audit and Loss Reduction in T&D Systems | Power and Energy Management |
| 86 | Entrepreneurship Development Program on Solar PV Rooftop | Power and Energy Management |
| 87 | Industrial Plant Safety | Power and Energy Management |
| 88 | Modern trends in power system protection and relays | Power and Energy Management |
| 89 | Operation & Maintenance (O&M) of HT/LT Switchgear | Power and Energy Management |
| 90 | Operation & Maintenance (O&M) of Transmission Lines & Sub-Station | Power and Energy Management |
| 91 | Post Graduate Diploma Course (PGDC) in Renewable Energy and Grid Interface Technologies | Power and Energy Management |
| 92 | Post Graduate Diploma course in Power Plant Engineering | Power and Energy Management |

| | | |
|---|---|---|
| 93 | Power System Studies & Load Despatch | Power and Energy Management |
| 94 | Regulatory Issues in Power Sector | Power and Energy Management |
| 95 | Smart Grid Technologies - Operational Practices with simulator training | Power and Energy Management |
| 96 | Smart Grid Technologies with simulator training | Power and Energy Management |
| 97 | Solar Power Generation Technology with Grid interphase technology | Power and Energy Management |
| 98 | Solar PV Technology, Roof top SPV Projects and Floating Solar PV Technology | Power and Energy Management |
| 99 | Specialized Training in Renewable Energy and Grid Interface Technologies | Power and Energy Management |
| 100 | Specialized Training on O&M of Hydro Power Plant | Power and Energy Management |
| 101 | Transmission and Distribution System - Operational Practices with simulator training | Power and Energy Management |
| 102 | Lab Chemist- Incoming Raw Material Testing | Rubber |
| 103 | Fitness Trainer | Sports |

സെക്ഷൻ ഓഫീസർ